TB Movie Club Weekly Review **#MovieClub**

The Jengaburu Curse. ( series) - Sony liv

&

Afwaah ( cinema ) - Netflix

എഴുതിയത് : Jithin Sreedhar

ഇക്കഴിഞ്ഞ aug 9 ന് SONY LIV - ൽ ഇറങ്ങിയ വെബ് സീരീസ് ആണ്, The Jengaburu Curse. Wikipedia ഇതിനെ "Climate fiction" എന്നൊരു വിഭാഗത്തിൽ ആണ് പെടുത്തിയിരിക്കുന്നത് എങ്കിലും, എനിക്ക് തോന്നിയത് ഇത് കാലാവസ്ഥപരമായും, രാഷ്ട്രീയമായും അതിയായ പ്രാധാന്യം അർഹിക്കുന്ന, ഒരു sci - fi ത്രില്ലർ തന്നെ ആണ് എന്നാണ്.

ഒഡീഷയിലെ ഒരു ആദിവാസി ഗോത്ര സമൂഹത്തിൻ്റെ കഥയാണ് പറയുന്നത് എങ്കിലും, അത് വിരൽ ചൂണ്ടുന്നത് , തെരുവിൽ അപഹാസ്യ ആകുന്ന മണിപ്പൂരിലെ കോർപ്പറേറ്റ് - രാഷ്ട്രീയ താല്പര്യങ്ങൾക്ക് നേരെ തന്നെയാണ് എന്ന് നിസംശയം പറയാം. അത് കൊണ്ട് തന്നെ, ഇന്നത്തെ രാഷ്ട്രീയ അന്തരീക്ഷത്തിൽ ഇത് റിലീസ് ചെയ്ത സോണിക്ക് ഇരിക്കട്ടെ ഒരു കുതിര പവൻ!

ഇതിനോട് ഒപ്പം തന്നെ കൂട്ടി വായിക്കേണ്ടി വരുന്ന സിനിമയാണ്, ഇപ്പൊൾ Netflix ൽ കാണാൻ കഴിയുന്ന ,ഈ വർഷം തന്നെ ഹിന്ദിയിൽ ഇറങ്ങിയ, afwaah അഥവ റൂമർ എന്ന സിനിമ. ഇവിടെയും , മേൽ പറഞ്ഞ സീരിസിൽ നിന്നും അത്രയൊന്നും വിഭിന്നമല്ലാത്ത ജാതി - മത - രാഷ്ട്രീയം തന്നെ ആണ് സധൈര്യം കൈ കാര്യം ചെയ്തിരിക്കുന്നത്.

സത്യത്തിൽ വലത് പക്ഷവും, ഇടത് പക്ഷവും അതിൻ്റെ രണ്ട് അറ്റത്തേക്ക് വലിഞ്ഞു മുറുകുകയും, രണ്ടിലും അകപ്പെട്ടവർ ഒരേ സമയം അന്ധമായ ആരാധനയുടെ ഒരേ ഇരുട്ടിൽ പരസ്പരം കാണാൻ കഴിയാതെ തപ്പി തടയുന്നതും ചെയ്യുന്ന ഇന്നത്തെ കേരളത്തിൽ ഇരുന്ന് ഇവ രണ്ടും കാണുമ്പോൾ ഉണ്ടാകുന്ന ആശ്വാസം ചെറുത് അല്ല. Sony-യെ പോലെ ഒരു കോർപ്പറേറ്റ് ഭീമൻ ഇത്തരം ഒരു സീരീസ് ഇറക്കുമ്പോൾ, റിലയൻസ് afwaah പോലെ ഒരു സിനിമ distribution ചെയ്യുമ്പോൾ, ഈ കോർപ്പററ്റുകളുടെ തലപ്പത്തും മനുഷ്യ പറ്റുള്ളവർ ഉണ്ട് എന്ന് മാത്രം അല്ല മനസ്സിലാക്കേണ്ടത്, മറിച്ച്; മനുഷ്യ പക്ഷത്ത് നിന്ന് പറയുന്ന ഇത്തരം കഥകൾക്ക് പ്രേക്ഷകർ ഉണ്ട് എന്ന് തന്നെയാണ്! നോർത്ത് മാറി ചിന്തിച്ചു തുടങ്ങുന്നു എന്ന് തന്നെയാണ്!

കഥയിലേക്ക് വന്നാൽ, ബൊണ്ടിയ ഗോത്ര വർഗ്ഗക്കാരിയായ, ലണ്ടനിൽ ഫിനാൻഷ്യൽ അൻലിസ്റ്റ് ആയ, പ്രിയ ദാസിൻ്റെ കഥയാണ് The Jengaburu

Curse പറയുന്നത്. ലണ്ടനിലെ തിരക്കിനിടയിൽ, നാട്ടിൽ തൻ്റെ അച്ഛനെ കാണാതായി എന്ന വാർത്ത അവർക്ക് ലഭിക്കുന്നിടത്ത് ആണ് കഥ തുടങ്ങുന്നത്. നാട്ടിൽ എത്തുന്ന അവരെ കാത്തിരിക്കുന്നത് അച്ഛൻ്റെ missing മാത്രം ആയിരുന്നില്ല, പകരം താനടക്കമുള്ള ബോണ്ടിയ ട്രൈബ് തന്നെ ഭൂമിയിൽ നിന്നും കാണാതെ ആയിരിക്കുന്നു എന്ന ഞെട്ടിക്കുന്ന സത്യം ആണ്. ഇതിൻ്റെ പിന്നിലെ രഹസ്യം എന്തെന്നറിയാനായി, ലണ്ടനിലെ സുഖ ശീതളമായ "മൈനസ്" ഡിഗ്രിയിൽ നിന്നും, ഇന്ത്യയുടെ കത്തുന്ന ചൂടിലേക്ക് അവർ ഇറങ്ങി തിരിക്കുമോ ,അവർ അതിൽ വിജയിക്കുമോ എന്നൊക്കെ നിങ്ങൾ കണ്ട് തന്നെ അറിയുക!

ഇനി afwaah ലേക്ക് വന്നാൽ, അക്രമാസക്തനായ ഒരു രാഷ്ട്രീയക്കാരനുമായുള്ള വിവാഹനിശ്ചയത്തിൽ നിന്ന് രക്ഷപ്പെടാൻ , രാഷ്ട്രീയത്തിൻ്റെ elite ക്ലാസിൽ തന്നെ പെട്ട മറ്റൊരു കുടുംബത്തിലെ സ്ത്രീ ശ്രമിക്കുകയും, ഇതിനിടയിൽ അന്യ മതത്തിൽ പെട്ട, അപരിചിതനായ ഒരാൾ അവളുടെ സഹായത്തിന് വരുകയും ചെയ്യുന്നു. തുടർന്ന് ഇരുവരും അഭിമുഖീകരിക്കുന്ന മതഭ്രാന്തിന്റെയും വിദ്വേഷത്തിന്റെയും ആക്രമണത്തിൻ്റെയും കഥയാണ് അത് പറയുന്നത്.

കൂടുതൽ പറഞ്ഞ് പുകഴ്ത്തുകയോ, ഇകഴ്ത്തുകയോ ചെയ്യുന്നില്ല. രണ്ടും നിങ്ങളുടെ വിരൽ തുമ്പിൽ ലഭ്യമാണ്. കാണുക. അഭിപ്രായങ്ങൾ പങ്ക് വെക്കുക!